₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L L I F E V O I C E

Monthly

Volume 13
Issue 2

August 2024

pages 24

"ഒന്നാമത്. നിങ്ങൾ സഭ കൂടുമ്പോൾ നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടെന്നു ഞാൻ കേൾക്കുന്നു. ഏതാനും വിശ്വസിക്കയും ചെയ്യുന്നു. നിങ്ങളിൽ കൊള്ളാകുന്നവർ വെളിവാകേണ്ടതിന് നിങ്ങളുടെ ഇടയിൽ ഭിന്നപക്ഷങ്ങളും ഉണ്ടാകേണ്ടത് തന്നെ" (1 കൊരിന്ത്യർ 11:18,19)

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L L I F E V O I C E

Volume 13 Issue 2 August 2024 pages 24 Rs.5/

**Email:** reallifekottekad@gmail.com
**Website:** www.reallifevoice.in


*Real Life Voice is a Christian magazine dedicated to studying the Word of God and analysing current events*


**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

***Bank:***
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


**Book No. 152**

## ഉള്ളടക്കം

പേജ്


- മനുഷ്യരും മനുഷ്യവിഭവങ്ങളും 3
- പ്രതികരണങ്ങൾ 6
- ആസ്യയിലെ ഏഴ് സഭകൾ (6) 7
- കെ. വി. ഐസക്ക് (അഭിമുഖം) (5) 10
- യോനാ (3) 14
- കൊച്ചുണ്ണിയുടെ...വായന (26) 17
- ബൈനോക്കുലർ (26) 19
- ... ദുരന്തക്കാഴ്ചകൾ (69) 21
- അവിടെയും മതം 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# മനുഷ്യരും മനുഷ്യവിഭവങ്ങളും
## (Human beings & Human resources)

നാമെല്ലാവരും മനുഷ്യരാണ്; പക്ഷേ നാമെല്ലാവരും മനുഷ്യവിഭവമല്ല. നാം ജന്മനാ മനുഷ്യരാണ്; പക്ഷേ ജന്മനാ ആരും മനുഷ്യവിഭവമാകുന്നില്ല. ഓരോ മനുഷ്യനും മനുഷ്യവിഭവമായി തീരണം. എന്നാൽ മാത്രമേ നമ്മുടെ വീടും നാടും സഭയും സമൂഹവും രാജ്യവും അഭിവൃദ്ധി പ്രാപിക്കുകയുള്ളൂ.

**മനുഷ്യവിഭവം**

എന്താണ് മനുഷ്യവിഭവം? ഒരു കമ്പനിയിലെ ജോലിക്കാരെ ആ കമ്പനിയിലെ മനുഷ്യവിഭവം എന്നു പറയാം. ആ ജോലിക്കാർ നല്ലവരും ആത്മാർത്ഥതയുള്ളവരുമാണെങ്കിൽ ആ കമ്പനി ലാഭകരമായി മുന്നോട്ട് പോകും. ഏത് സ്ഥാപനത്തിന്റെയും നിലനിൽപ്പ് ആ സ്ഥാപനത്തിലെ മനുഷ്യവിഭവത്തെ ആശ്രയിച്ചിരിക്കും. ഒരു കമ്പനിയിലെ ജോലിക്കാർ മാത്രമല്ല മനുഷ്യവിഭവം; ആ കമ്പനിയുടെ ഉടമസ്ഥരും ആ കമ്പനിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി വരുന്ന എല്ലാവരും ഇതിൽ ഉൾപ്പെടും.

ആരാണ് മനുഷ്യവിഭവം? ഞാൻ കൂടുതൽ വ്യക്തമാക്കാം. **ഏതെങ്കിലും തരത്തിലുള്ള ജോലികളിൽ ഏർപ്പെട്ട്, തനിക്കും മറ്റുള്ളവർക്കും ഉപകാരമായി തീരുന്നവരെ മനുഷ്യവിഭവം എന്നു വിളിക്കാം.** ഏതെങ്കിലും രീതിയിൽ കുടുംബത്തിനോ സഭയ്ക്കോ സമൂഹത്തിനോ പ്രയോജനപ്പെടുന്നവരാണ് മനുഷ്യവിഭവം. ഒരു കുടുംബമായാലും സഭയായാലും രാജ്യമായാലും അതിന്റെ നിലനിൽപ്പ് അവിടത്തെ മനുഷ്യവിഭവത്തെ ആശ്രയിച്ചാണിരിക്കുന്നത്.

**ഇവരൊന്നും മനുഷ്യവിഭവമല്ല**

നല്ല വാർദ്ധക്യത്തിലായി വിശ്രമിക്കുന്നവർ, കുറെ കാലമായി അബോധാവസ്ഥയിൽ കഴിയുന്നവർ, ഓട്ടിസം ബാധിച്ചവർ, മാനസികനില തെറ്റിയവർ, പിഞ്ചുകുഞ്ഞുങ്ങൾ ഇവരൊന്നും മനുഷ്യവിഭവമല്ല. ശരീരം, മനസ്സ്, ബുദ്ധി എന്നിവയ്ക്ക് തകരാറ് സംഭവിച്ചവർക്ക് മനുഷ്യവിഭവമാകാൻ കഴിയില്ല. പക്ഷേ അവർ മനുഷ്യരാണ്. മറ്റുള്ളവരുടെ സ്നേഹവും കരുതലും

അവർക്ക് വേണം. അവരെ ആശ്രിതർ (Dependents) എന്നാണ് സമൂഹ ശാസ്ത്രം വിശേഷിപ്പിക്കുന്നത്. ഒരാൾക്ക് മനുഷ്യവിഭവമാകാൻ കഴിഞ്ഞി ല്ലെങ്കിൽ അയാൾ സ്വാഭാവികമായും ആശ്രിതൻ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു.

ശാരീരികമോ മാനസികമോ ആയ യാതൊരു പ്രശ്നവുമില്ലാതിരിക്കു കയും, എന്നിട്ടും കുടുംബത്തിന് യാതൊരു പ്രയോജനവുമില്ലാതിരിക്കു കയും ചെയ്യുന്ന ചില പാഴ്ജന്മങ്ങളുണ്ട്. മനുഷ്യവിഭവമായിത്തീരാൻ പ്രാപ്തിയുണ്ടായിട്ടും, അങ്ങനെ ആയിത്തീരാതെ സ്വന്തം ജീവിതവും മറ്റുള്ളവരുടെ ജീവിതവും നശിപ്പിക്കുന്ന ദുഷ്ടന്മാർ! അവനവന്റെ കടമകൾ നിറവേറ്റുന്നതിനെക്കുറിച്ച് ചിന്തയില്ലാതെ നടക്കുന്ന ഇത്തരം ആളുകൾ ഉള്ള നാട് ഒരിക്കലും പുരോഗതി പ്രാപിക്കയില്ല.

**ലക്സംബർഗും ഇന്ത്യയും**

2024 ലെ കണക്കനുസരിച്ച് ലോകത്തിലെ ഏറ്റവും സമ്പന്നരാഷ്ട്രം യൂറോപ്പിലെ ലക്സംബർഗ് ആണ്. സമ്പന്നതയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്നത് ലക്സംബർഗ് ആണെങ്കിലും ജനസംഖ്യയിൽ ഒന്നാംസ്ഥാ നത്ത് നിൽക്കുന്നത് നമ്മുടെ സ്വന്തം ഇന്ത്യയാണ്. സമ്പന്നതയുടെ കാര്യ ത്തിൽ ഇന്ത്യയ്ക്ക് 129-ാം സ്ഥാനമാണുള്ളത്. ജനസംഖ്യയുടെ കാര്യ ത്തിൽ രണ്ടാംസ്ഥാനത്ത് നിൽക്കുന്ന ചൈനയ്ക്ക് 78-ാം സ്ഥാനം; അമേരി ക്ക 9-ാം സ്ഥാനത്ത്; ജപ്പാൻ 36-ാം സ്ഥാനത്ത്...

ജനസംഖ്യയിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്ന ഇന്ത്യ എന്തുകൊണ്ട് സമ്പന്നതയിൽ വളരെ പുറകിലായിപ്പോയി? ഒറ്റ ഉത്തരമേയുള്ളൂ. ഇന്ത്യ യിൽ മതിയായ നിലയിലുള്ള മനുഷ്യവിഭവമില്ല. ഇന്ത്യയിൽ മനുഷ്യർ ധാരാളമുണ്ട്; പക്ഷേ മനുഷ്യവിഭവം വേണ്ടത്രയില്ല. വർഗ്ഗീയത, കൊള്ള, ചൂഷണം, ഗുണ്ടായിസം എന്നിവയെല്ലാം കാണിച്ച് പലരും നാടിന് പ്രയോ ജനമില്ലാത്തവരായിത്തീർന്നിരിക്കുന്നു. ഇന്ത്യ സാമ്പത്തികപുരോഗതി നേട ണമെങ്കിൽ, ഇവിടെയുള്ള മനുഷ്യർ മനുഷ്യവിഭവമായി തീരണം.

**പത്രൊസും പൗലൊസും**

2 പത്രൊസ് 1:12-15 വരെയുള്ള വാക്യങ്ങൾ വായിച്ചാൽ, തന്റെ വാർദ്ധ ക്യകാലത്തും പത്രൊസ്, സഭയ്ക്ക് പ്രയോജനമുള്ള ഒരു മനുഷ്യവിഭവമാ യിരുന്നു എന്നു മനസ്സിലാക്കാം. "എപ്പോഴും... ഞാൻ ഒരുങ്ങിയിരിക്കും" (വാക്യം 12), "എപ്പോഴും... ഞാൻ ഉത്സാഹിക്കും" (വാക്യം 15) തുടങ്ങിയ പ്രയോഗങ്ങൾ, ഇപ്പോഴും ദൈവസഭയിൽ സജീവമായി നിലകൊള്ളുന്ന പത്രൊസിനെ കാണിക്കുന്നു. "ഈ കൂടാരത്തിൽ ഇരിക്കുന്നേടത്തോളം" എന്ന് പ്രത്യേകം എടുത്തുപറഞ്ഞുകൊണ്ട്, മരണം വരെ സഭയ്ക്ക് പ്രയോ

ജനമുള്ള മനുഷ്യവിഭവമായി കാണപ്പെടാനുള്ള തന്റെ ആഗ്രഹം അപ്പൊസ്തലനായ പത്രൊസ് വെളിപ്പെടുത്തിയിരിക്കുന്നു.

2 തിമൊ. 4:6–7 വാക്യങ്ങളിൽ, "എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു" എന്ന് അപ്പൊസ്തലനായ പൗലൊസ് പറയുന്നു. സ്വന്തം ജീവിതാവസാനം അടുത്തിരിക്കുന്നു എന്നു മനസ്സിലാക്കിയ പൗലൊസ്, അന്നുവരെയും താൻ ദൈവസഭയിൽ മികച്ചൊരു മനുഷ്യവിഭവമായിരുന്നു എന്ന് യുവാവായ തിമൊഥെയൊസിന് പറഞ്ഞുകൊടുക്കുന്നു. ജീവാവസാനം വന്നെത്തി എന്നു മനസ്സിലാക്കിയിട്ടും, ഈ ലേഖനം തിമൊഥെയൊസിന് എഴുതിയതിലൂടെ മനുഷ്യവിഭവം എന്ന നിലയിൽ മരണം വരെ തുടരാനുള്ള തന്റെ ദൃഢനിശ്ചയം പൗലൊസ് വ്യക്തമാക്കുകയാണ്.

**കുറച്ചുനാൾ മാത്രം**

ഈ ഭൂമിയിലെ നമ്മുടെ ആയുസ്സ് എത്രയെന്ന് നമുക്കറിഞ്ഞുകൂടാ. ഉള്ള കാലം പ്രയോജനമുള്ളവരായി ജീവിക്കാൻ നമുക്ക് കഴിയണം. ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കുമ്പോൾ മാത്രമേ നാം മനുഷ്യരുടെ മുമ്പാകെയും ദൈവമുമ്പാകെയും പ്രയോജനമുള്ളവരായി തീരുകയുള്ളൂ. നമ്മുടെ കുടുംബത്തിന്, സഭയ്ക്ക്, സമൂഹത്തിന് നാം വളരെ പ്രയോജനപ്പെടണം.

പുതിയ തലമുറ ഇക്കാര്യത്തിൽ വളരെ പുറകിലാണ്. കളിച്ചും ചിരിച്ചും സമയം പാഴാക്കുക, മൊബൈലിന്റെ അമിതോപയോഗം, ലഹരിക്ക് അടിമപ്പെടുക, മാതാപിതാക്കളെ അനുസരിക്കാതിരിക്കുക, പഠനത്തിൽ ഉഴപ്പുക, ഏതെങ്കിലും ജോലി ചെയ്യാൻ താത്പര്യം കാണിക്കാതിരിക്കുക, തെറ്റായ കൂട്ടുകെട്ടുകളിലൂടെ സ്വയം നശിക്കുക... ഇതെല്ലാമാണ് പുതിയ തലമുറയിലേക്ക് നോക്കുമ്പോൾ കാണുന്ന കാഴ്ച! അവരെ നോക്കി മാതാപിതാക്കൾ കരയുന്നു, സഭാമൂപ്പന്മാർ നെടുവീർപ്പിടുന്നു, സമൂഹം മൂക്കത്ത് വിരൽ വയ്ക്കുന്നു...

മികച്ച മനുഷ്യവിഭവമാകാൻ നാം ഉത്സാഹിക്കണം. ഒന്നാമത് തുടങ്ങേണ്ടത് കുടുംബത്തിലാണ്. പിന്നെ സഭയിൽ. "സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും?" (2 തിമൊ. 3:5) എന്ന വാക്യത്തിൽനിന്ന്, ദൈവസഭയേക്കാൾ മുമ്പ് സ്വന്തകുടുംബത്തിലാണ് ഒരാൾ ശോഭിക്കേണ്ടത് എന്നു തെളിയുന്നു. നമ്മുടെ കുട്ടികൾ ചെറുപ്രായത്തിൽ തന്നെ കുടുംബത്തിന് ഉപകാരമുള്ളവരായി തീരട്ടെ. നമ്മുടെ ജീവിതയാത്ര അവസാനിക്കുന്നതിനുമുമ്പ് നാം നല്ലൊരു മനുഷ്യവിഭവമായിരുന്നു എന്നു തെളിയിക്കണം. **(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ അഭിപ്രായങ്ങൾ sms ആയോ, email ആയോ WhatsApp ലൂടെയോ അറിയിക്കുക. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

## M P Johnson, Thenhipalam, Malappuram

150 ലക്കം പിന്നിട്ട *റിയൽ ലൈഫ് വോയ്സി*ന് ആശംസകളും പ്രാർത്ഥനകളും നേരുന്നു.  ഈ പ്രവർത്തനത്തെ ദൈവം ധാരാളം അനുഗ്രഹിക്കട്ടെ. ജൂൺമാസത്തിലെ മാസിക ഞാൻ മുഴുവൻ വായിച്ചു. എല്ലാ വിഭവങ്ങളും വളരെ നന്നായിരിക്കുന്നു. സുവിശേഷകൻ കെ.വി. ഐസക്കുമായുള്ള അഭിമുഖം, ഓർമ്മകൾ എന്ന ഡയറിക്കുറിപ്പുകൾ എന്നിവ എനിക്ക് വളരെ പ്രചോദനവും ഉറപ്പും നൽകുന്നതായിരുന്നു. ആസ്യയിലെ സഭകൾ, യോനാ, ചോദ്യവും ഉത്തരവും എന്നീ പംക്തികൾ വേദപുസ്തകവിജ്ഞാനം വർദ്ധിപ്പിക്കുന്നതായിരുന്നു.

## V V Xavier, Muringoor, Thrissur

2024 ജൂലായ് മാസത്തെ *റിയൽ ലൈഫ് വോയ്സിൽ* ജെയ്മോഹൻ അതിരുങ്കലിന്റെ പ്രതികരണമാണ് ആദ്യം ശ്രദ്ധയിൽ പെട്ടത്. അദ്ദേഹത്തിന്റെ തിരുത്തലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്റെ ചില എഴുത്തുകളിൽ വന്നിട്ടുള്ള ഇത്തരം പോരായ്മകൾ എന്നോട് നേരിട്ട് ചൂണ്ടിക്കാട്ടി തിരുത്തിയ അനുഭവം എനിക്കുണ്ട്. ഇതൊരു നല്ല കാര്യമാണ് എന്നു ഞാൻ കാണുന്നു.

## K M Kurien, Nilambur, Malappuram

മാസിക കൃത്യമായി കിട്ടുന്നുണ്ട്. ഇവിടെയുള്ള ബാക്കിയുള്ളവർക്കും മാസിക കിട്ടുന്നുണ്ട്. ചിലർക്ക് ഒന്നോ രണ്ടോ ദിവസം കഴിഞ്ഞിട്ടാകും കിട്ടുന്നത്. എന്നാലും മുടങ്ങാതെ ലഭിക്കുന്നുണ്ട്. എല്ലാ ആർട്ടിക്കിളും വളരെ നല്ലതാണ്. എനിക്ക് വളരെ വളരെ സന്തോഷമാണ് അത് വായിക്കാൻ. എനിക്ക് കാഴ്ചക്കുറവുണ്ട്. എങ്കിലും മാസിക കയ്യിൽ കിട്ടിയാൽ അത് മുഴുവൻ ഞാൻ വായിക്കും. വലിയ കൃപയാണ് സഹോദരനുള്ളത്. ഈ മാസികയിലൂടെ നമുക്ക് പരിചയപ്പെടാൻ ഇടയായതിൽ എനിക്ക് വളരെ സന്തോഷമുണ്ട്.

# ആസ്യയിലെ ഏഴ് സഭകൾ

## 6

**വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ നിന്നുള്ള ചിന്തകൾ**

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*"...ആസ്യയിലെ ഏഴു സഭകൾക്കും എഴുതുന്നത്..." (വെളിപ്പാട് 1:4).*

*"...എഫെസൊസ്, സ്മുർന്ന, പെർഗ്ഗമൊസ്, തുയഥൈര, സർദ്ദിസ്, ഫില ദെൽഫ്യ, ലവൊദിക്യ എന്ന ഏഴു സഭകൾക്കും അയയ്ക്കുക" (വെളി.1:11)*

### എഫെസൊസ് സഭയ്ക്കുള്ള സന്ദേശം (വെളി. 2:1-7)

**കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചത്:**

**എഫെസൊസ് സഭയുടെ ഗുണവശങ്ങൾ:**

*(1) ഞാൻ നിന്റെ പ്രവൃത്തിയും (works) പ്രയത്നവും (hard work) സഹിഷ്ണുതയും (patience)... അറിയുന്നു (2:2)*

*(2) ...കൊള്ളരുതാത്തവരെ (evil people) നിനക്കു സഹി ച്ചുകൂടാത്തതും... ഞാൻ അറിയുന്നു (2:2)*

**എഫെസൊസ് സഭയുടെ ഗുണവശങ്ങൾ** (തുടർച്ച):

*(3) അപ്പൊസ്തലന്മാർ അല്ലാതിരിക്കെ തങ്ങൾ അപ്പൊസ്തലന്മാർ എന്നു പറയുന്നവരെ നീ പരീക്ഷിച്ച് കള്ളന്മാർ (liars = കള്ളം പറ യുന്നവർ) എന്നു കണ്ടതും... ഞാൻ അറിയുന്നു (2:2)*

അപ്പൊസ്തലന്മാരെ സഭയിൽ നിയമിക്കുന്നത് ദൈവമാണ് (1 കൊരി. 12:28). എല്ലാ വിശ്വാസികളും അപ്പൊസ്തലന്മാരല്ല (12:29). ദൈവേഷ്ടത്താ ൽ ഒരാൾ അപ്പൊസ്തലനായി വിളിക്കപ്പെടുകയാണ് ചെയ്യുന്നത് (1:1). അപ്പൊ സ്തലന്റെ ലക്ഷണങ്ങൾ 2 കൊരിന്ത്യർ 12:12 ൽ കൊടുത്തിട്ടുണ്ട്. പൂർണ സഹിഷ്ണുത, അടയാളങ്ങൾ. അത്ഭുതങ്ങൾ, വീര്യപ്രവൃത്തികൾ എന്നിവയാണവ. ഈ ലക്ഷണങ്ങൾ ഒരാളിൽ കണ്ടാൽ അയാളെ അപ്പൊ സ്തലനായി ദൈവം നിയമിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാം. ഈ ലക്ഷണ ങ്ങളില്ലാതെ അപ്പൊസ്തലന്മാർ എന്നവകാശപ്പെടുന്നവർ നുണയന്മാരാണ്.

### ഇന്ന് അപ്പൊസ്തലന്മാർ ഇല്ല

അപ്പൊസ്തലന്മാരെ പരീക്ഷിച്ചറിയേണ്ട ആവശ്യകത ഇന്നില്ല. കാരണം അപ്പൊസ്തലന്മാർ ഇന്നില്ല. അപ്പൊസ്തലന്മാരും പ്രവാചകന്മാരുമെല്ലാം സഭ എന്ന കെട്ടിടത്തിന്റെ അടിസ്ഥാനമാണ് എന്ന് എഫെസ്യർ 2:20 ൽ പറയുന്നുണ്ട്. സഭയുടെ മുകളിലോട്ടുള്ള പണിയിൽ അവരില്ലെന്നർത്ഥം. അതുകൊണ്ട് ഇന്ന് അപ്പൊസ്തലന്മാർ ഉണ്ടാവുക സാദ്ധ്യമല്ല. എങ്കിലും ചിലരൊക്കെ തങ്ങൾ അപ്പൊസ്തലന്മാരാണ് എന്നു അവകാശപ്പെട്ടുകൊണ്ട് രംഗത്തുവരുന്ന കാഴ്ച ഇക്കാലത്തും കാണാറുണ്ട്.

കള്ളം പറയുന്നവരാണ് അവർ. കാരണം, 2 കൊരിന്ത്യർ 12:12 ൽ കൊടുത്തിട്ടുള്ള, അപ്പൊസ്തലന്റെ ലക്ഷണങ്ങൾ അവരിലില്ല. അപ്പൊസ്തലനാണ് എന്ന് അവകാശപ്പെടാൻ ബുദ്ധിമുട്ടില്ലെങ്കിലും അപ്പൊസ്തലന്റെ ലക്ഷണങ്ങൾ കാണിക്കാൻ അവർക്കാവില്ല.

### അയയ്ക്കപ്പെട്ടവരെല്ലാം അപ്പൊസ്തലന്മാരല്ല

'അപ്പൊസ്തലൻ' എന്ന വാക്കിന് 'അയയ്ക്കപ്പെട്ടവൻ' എന്നർത്ഥമുണ്ടെന്നും, അതുകൊണ്ട് ഏതെങ്കിലും സഭ അയയ്ക്കുന്നവനെ അപ്പൊസ്തലൻ എന്നു വിളിക്കാമെന്നും വാദിക്കുന്നവരുണ്ട്. അയയ്ക്കപ്പെടുന്നവരെല്ലാം അപ്പൊസ്തലന്മാരല്ല എന്നാണ് ഇതിനുള്ള മറുപടി. കർത്താവ് അയച്ച 70 പേർ (ലൂക്കൊസ് 10:1) അപ്പൊസ്തലന്മാരായില്ല. അതു പോകട്ടെ, അപ്പൊസ്തലന്മാരുണ്ട് എന്നവകാശപ്പെടുന്നവരുടെ സഭകളിൽ, അയയ്ക്കപ്പെടുന്നവരെയെല്ലാം അപ്പൊസ്തലന്മാരായി അവർ തന്നെ പരിഗണിക്കുന്നില്ലല്ലോ.

*(ഇക്കാലങ്ങളിൽ അപ്പൊസ്തലന്മാർ ഉള്ളതായി അവകാശപ്പെട്ട് കേട്ടിട്ടുള്ളത് ചില പെന്തെക്കോസ്ത് സഭകളും ലോക്കൽചർച്ചിന്റെ ചില വിഭാഗങ്ങളും ആണ്)*

### എഫെസൊസ്സഭ കള്ളം പറയുന്നവരെ തിരിച്ചറിഞ്ഞു

ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാർ ഉണ്ടായിരുന്നുവല്ലോ. പക്ഷേ ഒറിജിനൽ അപ്പൊസ്തലന്മാരെ അനുകരിച്ച് കുറെ ഡ്യൂപ്ലിക്കേറ്റ് അപ്പൊസ്തലന്മാർ തലപൊക്കി. അവരുടെ പ്രകടനങ്ങൾ കണ്ട് എഫെസൊസ്സഭയിലെ വിശ്വാസികൾ അതിൽ വീണുപോയില്ല. പകരം അവർ അവരെ പരീക്ഷിച്ചു. എങ്ങനെയെന്നാൽ 2 കൊരിന്ത്യർ 12:12 ൽ കാണുന്ന ലക്ഷണങ്ങൾ അവർക്കുണ്ടോ എന്ന് പരീക്ഷിച്ചുനോക്കി. അവരൊന്നും യഥാർത്ഥ അപ്പൊസ്തലന്മാരല്ലെന്നും കള്ളന്മാർ (കള്ളം പറയുന്നവർ) ആണെന്നും അവർ തിരിച്ചറിഞ്ഞു. അത് അവരുടെ ഭാഗത്തെ വലിയ ഗുണമായി കർത്താവ് വിലയിരുത്തുന്നു.

എഫെസൊസ്സഭയുടെ ഈ ഗുണം ഇന്നത്തെ വിശ്വാസികൾ കാണിക്കണം. ആത്മികലോകത്ത് വിരഹിക്കുന്ന കള്ളന്മാരെ – കള്ളം പറയുന്നവരെയും കള്ളത്തരങ്ങൾ കാണിക്കുന്നവരെയും – പലരും തിരിച്ചറിയുന്നില്ല. കള്ളസാക്ഷ്യം പറയുന്നവർ ഇത്രയും പെരുകുവാൻ കാരണം ദൈവജനം മണ്ടന്മാരെപ്പോലെ പെരുമാറുന്നതുകൊണ്ടാണ്. "ഞാൻ കെനിയായിൽ പോയപ്പോൾ മരിച്ചുപോയ ഒരു യുവാവിനെ ഉയിർപ്പിച്ചു" എന്ന സാക്ഷ്യം കേൾക്കുമ്പോഴേക്കും കയ്യുയർത്തി ഹല്ലേലുയ്യാ പറഞ്ഞ് ആർത്തുവിളിക്കേണ്ടതില്ല. ആ നുണ ആ 'ദൈവദാസൻ' കൂടുതൽ മസാല ചേർത്ത് അടുത്ത വേദികളിൽ അവതരിപ്പിക്കാൻ ഇടയാകരുത്. അവരെ ചോദ്യം ചെയ്യണം. അങ്ങനെ അവരെ പരീക്ഷിക്കണം. കള്ളന്മാർ ദൈവസഭയിൽനിന്നും മാറിപ്പോകട്ടെ.

*(4) നിനക്കു സഹിഷ്ണുതയുള്ളതും എന്റെ നാമം നിമിത്തം നീ സഹിച്ചതും തളർന്നുപോകാഞ്ഞതും ഞാൻ അറിയുന്നു (2:3)*

കർത്താവിന്റെ നാമം നിമിത്തം അവിടെയുള്ള വിശ്വാസികൾ ഏറെ സഹിക്കേണ്ടിവന്നു. സഹിഷ്ണുത (ക്ഷമ) അവർക്കുണ്ടായിരുന്നതുകൊണ്ട് അവർ തളർന്നുപോയില്ല.

കർത്താവിനെ പിൻപറ്റുന്നവർക്ക് പലതും സഹിക്കേണ്ടി വരും. ലോകത്തിന്റെ എതിർപ്പ്, അധികാരികളുടെ എതിർപ്പ്, കള്ളസഹോദരന്മാർ മൂലമുള്ള പ്രശ്നങ്ങൾ എന്നിങ്ങനെ പലരുടെയും എതിർപ്പും വെറുപ്പും സമ്പാദിച്ചുകൂട്ടിക്കൊണ്ടുള്ള ഒരു ജീവിതമാണ് ക്രിസ്തീയജീവിതം. കർത്താവ് നമ്മുടെമേൽ ചൊരിഞ്ഞിരിക്കുന്ന കൃപയാൽ നാം എല്ലാറ്റിനെയും നേരിടണം. ഏതു പ്രതികൂലത്തെയും അതിജീവിക്കണം. തളർന്നുപോകരുത്. കർത്താവ് നമ്മെ ശ്രദ്ധിക്കുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

ക്രിസ്തീയജീവിതം നയിക്കുന്നതിന്റെ പേരിൽ മറ്റുള്ളവരുടെ വെറുപ്പിന് കാരണമായി വിവിധ നിലകളിൽ മാനസികമായും ശാരീരികമായും കഷ്ടപ്പെടുന്ന വിശ്വാസികളുണ്ട്. ചിലരൊക്കെ ക്ഷീണിച്ചു മടുത്തുപോകും. പിന്മാറിപ്പോകും. സ്വസ്ഥതയാണ് വേണ്ടത് എന്ന് പിറുപിറുക്കും. പക്ഷേ വാസ്തവത്തിൽ ഇത്തരക്കാർ തോറ്റവരുടെ പട്ടികയിലാണ് സ്ഥാനം പിടിക്കുന്നത്. നാം ജയിക്കേണ്ടവരാണ്. ദൈവത്തിലാശ്രയിച്ചുകൊണ്ട് നാം പ്രതികൂലങ്ങളെ അഭിമുഖീകരിക്കണം.

എഫെസൊസിലെ ദൈവജനത്തെ നോക്കുക. വേണ്ടുവോളം പ്രശ്നങ്ങൾ അവർക്കുണ്ടായിരുന്നു. വേണ്ടുവോളം എതിർപ്പുകൾ അവർക്കുണ്ടായിരുന്നു. പക്ഷേ അവർ നിരാശപ്പെട്ടില്ല. തളർന്നുപോയില്ല. കർത്താവ് അവരെ അക്കാര്യത്തിന് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. **(തുടരും)**

സുവിശേഷകനായ

# കെ. വി. ഐസക്, പീച്ചി

5

**അഭിമുഖം**



*ഈ ഗേഹം വിട്ടുപോകിലും, എന്റെ ദൈവം മതിയായവൻ, എന്നേശു നാഥന്റെ വരവെന്നോ, യേശുവേ നീ കൂടവേ..* എന്നിങ്ങനെ 60–ലധികം ക്രിസ്തീയഗാനങ്ങളുടെ ശില്പി. ബ്രദറൺ സുവിശേഷകൻ. വേദാദ്ധ്യാപകൻ.

## 11. വിശ്വാസത്താലുള്ള യാത്രകൾ

1992ൽ ആണെന്നു തോന്നുന്നു. പാലക്കാടുള്ള ജോർജ്ജ് പീറ്റർസഹോദരൻ പല്ലശ്ശന എന്ന സ്ഥലത്ത് ക്രമീകരിച്ച മൂന്നു ദിവസത്തെ യോഗത്തിൽ സംസാരിക്കാൻ നിയോഗിക്കപ്പെട്ടത് ഞാനും, ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്ന സഹോദരൻ കെ. പി. സ്റ്റീഫനും ആയിരുന്നു.

ഞാൻ പോകാനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി. പല്ലശ്ശന വരെ പോകാൻ അന്ന് ഏഴ് രൂപയാണ് വേണ്ടത്. എന്റെ കയ്യിലുള്ളത് രണ്ട് രൂപയും! അതും എന്റെ ഭാര്യയുടെ സ്വകാര്യശേഖരത്തിൽനിന്ന് എനിക്ക് തന്നതാണ്. എന്റെ വീടിന്റെ അവിടെനിന്ന് ആദ്യം പട്ടിക്കാട് പോകണം. അതിന് എഴുപത് പൈസ മതി. പക്ഷേ ആ ബസ്സിൽ, എന്റെ കയ്യിൽ കാശില്ലെങ്കിൽ കടം പറയാൻ സമ്മതിക്കാറുണ്ട്. ഉള്ളപ്പോൾ ഒരുമിച്ച് കൊടുത്താൽ മതി.

പട്ടിക്കാട് നിന്ന് വടക്കഞ്ചേരിയിലേക്ക് എത്താൻ ഒരു രൂപ നാല്പത് പൈസ വേണം. ഞാൻ വേറെയൊന്നും നോക്കിയില്ല. ദൈവം അയച്ചാൽ പോകും, അത്ര തന്നെ. രണ്ട് രൂപയും കൊണ്ട് ഞാൻ പുറപ്പെട്ടു. പട്ടിക്കാട്ടേക്കുള്ള ബസ്സിൽ പൈസ കൊടുത്തില്ല. ഒരു രൂപ നാല്പത് പൈസ കൊടുത്ത് വടക്കഞ്ചേരി ചെന്നിറങ്ങി. രണ്ട് മണിക്ക് വീട്ടിൽനിന്ന് പുറപ്പെട്ട ഞാൻ ഏതാണ്ട് മൂന്നരയായപ്പോൾ വടക്കഞ്ചേരിയിൽ എത്തി. അവിടെ ബാഗും കയ്യിൽ പിടിച്ച് ഞാൻ നിന്നു.

അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു. അക്കാലങ്ങളിൽ വടക്കഞ്ചേരിയിലെ ഒരു തയ്യൽസ്കൂളിൽ വെള്ളിയാഴ്ചകളിൽ ഞാൻ തുടർച്ചയായി ബൈബിൾക്ലാസ്സ് എടുക്കാറുണ്ട്. അന്നത്തെ വെള്ളിയാഴ്ച ക്ലാസ്സ് ഇല്ല. പല്ലശ്ശനയ്ക്ക് പോകുന്ന കാരണം അന്ന് ബൈബിൾക്ലാസ്സിന് വരില്ലെന്ന് ഞാൻ അവരെ അറിയിച്ചിരുന്നു.

വടക്കഞ്ചേരിയിൽ ഞാൻ കുറെ നേരം നിന്നു. അപ്പോൾ കുന്നക്കുരുടിയിലുള്ള കൈതാട്ടിൽ തോമസ് സഹോദരൻ അവിടെ വന്നിറങ്ങി. വടക്കഞ്ചേരിമേഖലയിൽ നെല്ല്, ഇഞ്ചി തുടങ്ങിയവ കൃഷി ചെയ്ത് വില്പന നടത്തുന്ന വ്യക്തിയാണ് അദ്ദേഹം. ബസ്സിൽനിന്ന് ഇറങ്ങിയപ്പോൾ അദ്ദേഹം എന്നെ കണ്ടു; എനിക്ക് കൈ തന്നു; എന്നോട് വിശേഷങ്ങളെല്ലാം ചോദിച്ചു. ഞാൻ പല്ലശ്ശനയ്ക്ക് പോകാനായി അവിടെ നിൽക്കുകയാണെന്നും ഞായറാഴ്ച രാത്രിയേ ഇനി തിരിച്ചുപോരുകയുള്ളൂവെന്നും ഞാൻ പറഞ്ഞു.

എല്ലാം കേട്ട ശേഷം, എനിക്ക് കൈ തന്ന് അദ്ദേഹം പോയി. എതിർവശത്തുള്ള ഒരു ഹോട്ടലിലേക്ക് കയറിപ്പോയെങ്കിലും തോമസ് സഹോദരൻ പെട്ടെന്നു തന്നെ തിരിച്ചിറങ്ങി എന്റെയടുത്തേക്ക് വന്നു. “ഐസ്ക്സാറേ, ഞാൻ പൈസയൊന്നും കൊണ്ടുനടക്കുന്നില്ല. എല്ലാം ബാങ്കുമായുള്ള ഇടപാടുകളാണ്. അതുകൊണ്ട് കയ്യിൽ അധികമൊന്നും കരുതാറില്ല” എന്നും പറഞ്ഞ് അദ്ദേഹം എന്റെ പോക്കറ്റിലേക്ക് ഇരുപത്തിയഞ്ച് രൂപ ഇട്ടുതന്നു. എനിക്ക് വാസ്തവത്തിൽ അഞ്ചുരൂപയുടെ ആവശ്യമേ ഉണ്ടായിരുന്നുള്ളൂ. ഞാൻ അതുമായി പല്ലശ്ശനയിൽ ക്യാമ്പിനു പോയി; എനിക്ക് ലഭിച്ചതിന്റെ ഒരു വിഹിതം അവിടെ നൽകി; ഞായറാഴ്ച വൈകുന്നേരം മടങ്ങിപ്പോരുകയും ചെയ്തു.

അതിന്റെ മുമ്പിലത്തെ വെള്ളിയാഴ്ചയും ഇതുപോലെയുള്ള ഒരു അനുഭവം എനിക്ക് ഉണ്ടായിട്ടുണ്ടായിരുന്നു. അന്ന് വടക്കഞ്ചേരിയിൽ ബൈബിൾ ക്ലാസ്സിനു ഞാൻ പോയത് ഒരു രൂപ നാല്പത് പൈസ മാത്രം കൈവശം വച്ചുകൊണ്ടാണ്. അന്നും പട്ടിക്കാട്ടേക്കുള്ള ബസ്സിൽ കടം പറഞ്ഞു. തുടർന്ന് വടക്കഞ്ചേരിയിലേക്കുള്ള ബസ്സിൽ കയറി. കുതിരാൻ കയറ്റമെല്ലാം കഴിഞ്ഞപ്പോഴാണ് കണ്ടക്ടർ എന്റെ അടുത്തെത്തിയത്. എന്നോട് പൈസ വാങ്ങാതെ മുന്നോട്ട് നീങ്ങിയ അദ്ദേഹത്തോട് ഞാൻ, “എന്റെ കയ്യിൽനിന്ന് പൈസ വാങ്ങിയില്ല” എന്നു പറഞ്ഞപ്പോൾ, “സാറിന്റെ പൈസ മറ്റൊരാൾ തന്നുവല്ലോ” എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

ആ സ്ഥലങ്ങളിൽ പലരെയും ഞാൻ സൺഡേസ്കൂൾ പഠിപ്പിച്ചിട്ടുണ്ട്. യാക്കോബായക്കാരായ ധാരാളം പേർ അക്കൂട്ടത്തിൽ ഉണ്ട്. ബസ്സിൽ യാത്ര ചെയ്യുമ്പോഴെല്ലാം ഇത്തരക്കാർ പലരെയും കണ്ടുമുട്ടാറുണ്ട്. ബസ്സിൽ എന്റെ പുറകിൽനിന്ന് ആരോ എന്നോട് “സാറെങ്ങോട്ടാ?” എന്നു ചോദിച്ചിരുന്നു. “വടക്കഞ്ചേരിയിലേക്ക്” എന്നു ഞാൻ പറയുകയും ചെയ്തു. ബസ്സിലെ തിരക്കുകാരണം തിരിഞ്ഞുനോക്കിയില്ല. മിക്കവാറും ആ വ്യക്തിയായിരിക്കും എന്റെ പൈസ കൊടുത്തത്.

ഡോ. ഏ. പി. ജോസഫിന്റെ പിതാവായ പൗലോസ് സഹോദരന്റെ സ്ഥാപനത്തിലാണ് ഞാൻ ബൈബിൾ ക്ലാസ്സ് എടുത്തിരുന്നത്. സാധാരണ

യായി ക്ലാസ്സ് കഴിഞ്ഞ് മടങ്ങുമ്പോൾ അദ്ദേഹം എനിക്കെന്തെങ്കിലും പൈസ തരാറുണ്ട്. അന്ന് പക്ഷേ അദ്ദേഹം അവിടെ ഉണ്ടായിരുന്നില്ല. അങ്ങോട്ടേക്കുള്ള യാത്രയിൽ എന്റെ വണ്ടിക്കൂലി മറ്റൊരാൾ കൊടുത്തത് എനിക്ക് വളരെ പ്രയോജനം ചെയ്തു. എന്റെ കൈവശം ചെലവാകാതെയിരുന്ന 1.40 എനിക്ക് തിരിച്ചുപോരാനുള്ള വണ്ടിക്കൂലിയായി ഉപയോഗിക്കാൻ കഴിഞ്ഞുവല്ലോ.

തിരിച്ചുപോരുമ്പോൾ ആ ബസ്സിലിരുന്ന് ഞാൻ ഒരു പാട്ട് പാടി: *അറിയുന്നല്ലോ ദൈവം എല്ലാം, കരുതുന്നവൻ എന്നെ...* തൊട്ടടുത്ത വെള്ളിയാഴ്ചയാണ് ഞാൻ നേരത്തെ പറഞ്ഞ അനുഭവമുണ്ടായത്. അങ്ങനെ തിരിഞ്ഞുനോക്കുമ്പോൾ, യാത്രകളെല്ലാം നല്ല രസകരമായ അനുഭവങ്ങളായിരുന്നു. കൈയിൽ പൈസയില്ലെങ്കിലും സുവിശേഷവേല ചെയ്യാൻ പറ്റും എന്ന് ദൈവം പഠിപ്പിച്ച സന്ദർഭങ്ങളായിരുന്നു ഇതെല്ലാം.

ഒരു സംഭവം കൂടി പറയാം. ഞാൻ അങ്കമാലി ടൗൺ അസംബ്ലിയോടുള്ള ബന്ധത്തിൽ ചൊവ്വാഴ്ചകളിൽ സുവിശേഷവേലയിൽ പങ്കെടുത്തിരുന്നു. പകൽ നടത്തുന്ന വീട്സന്ദർശനങ്ങളിൽ എന്റെ കൂടെ അങ്കമാലി സഭയിലെ ആരെങ്കിലും ഒരാൾ ഉണ്ടാകും. അന്ന് എന്റെ കൂടെയുണ്ടായിരുന്ന സഹോദരൻ അല്പം നേരത്തെ പോയി. തിരിച്ച് വീട്ടിൽ പോകണമെങ്കിൽ, എന്റെ കൈവശം കൊടകര വരെ പോകാനുള്ള പൈസയേയുള്ളൂ– അതും ലോക്കൽബസിൽ കയറുകയാണെങ്കിൽ മാത്രം.

അങ്കമാലി ടൗണിലുള്ള ഏത് സഹോദരനോട് ചോദിച്ചാലും എനിക്ക് അവശ്യമായ വണ്ടിക്കൂലി ലഭിക്കുമായിരുന്നു. പക്ഷേ ഞാൻ ആരോടും ഇന്നുവരെ അങ്ങനെ ചോദിച്ചിട്ടില്ല. ചൊവ്വാഴ്ചകളിൽ എന്റെ വീട്ടിൽ ഒരു ബൈബിൾക്ലാസ്സുള്ളതുകൊണ്ട് എനിക്ക് വൈകുന്നേരമാകുമ്പോഴേക്കും വീട്ടിൽ എത്തുകയും വേണം. ഞാൻ ചാലക്കുടിക്കുള്ള ഒരു ലോക്കൽ ബസിൽ കയറി, ചാലക്കുടി ബസ്സ്റ്റാൻഡിൽ ഇറങ്ങി. അവിടെ ഏകദേശം അര മണിക്കൂർ നിന്നു.

ഇനി എനിക്ക് കൊടകര എത്തണം. അതിനുള്ള പൈസ കൂടി എന്റെ കയ്യിലുണ്ട്. എന്റെ വിശ്വാസം, എന്നെ ദൈവം വീട്ടിൽ കൊണ്ടെത്തിക്കുമെന്നും ബൈബിൾക്ലാസ്സ് എടുക്കാൻ എനിക്ക് സാധിക്കുമെന്നും ഞാൻ മനുഷ്യരോട് പൈസ ചോദിക്കേണ്ട കാര്യമില്ലെന്നുമായിരുന്നു.

അങ്ങനെ ഞാൻ ചാലക്കുടി ബസ് സ്റ്റാൻഡിൽ നിൽക്കുമ്പോൾ, നെല്ലിക്കുന്നുള്ള സി. പി. തോമസ്ചേട്ടന്റെ മകൻ റോയി തന്റെ അപ്പന്റെ പെങ്ങൾ അമ്മിണിടീച്ചറുമായി എറണാംകുളത്ത്നിന്ന് ഒരു ഫാസ്റ്റ് പാസഞ്ചറിൽ അവിടെ വന്നിറങ്ങി. ചാലക്കുടി വരെയുള്ള 'ഫാസ്റ്റ്' ആയിരുന്നു അത്.

എന്നെ കണ്ടപ്പോൾ റോയി ചോദിച്ചു, "ഐസക്കേട്ടൻ എന്താ ഇവിടെ നിൽക്കുന്നത്?" എന്ന്. അങ്കമാലിയിൽ പ്രവർത്തനം കഴിഞ്ഞ് വരികയാണെന്നും പീച്ചിയിലേക്ക് പോകാൻ നിൽക്കുകയാണെന്നും ഞാൻ മറുപടി പറഞ്ഞു.

റോയിക്ക് ചാലക്കുടിയിൽ കമ്പ്യൂട്ടറിന്റെ സ്ഥാപനം ഉണ്ട്. "ഞാൻ ഓഫീസിലേക്ക് പോയിട്ട് വരാം, നിങ്ങൾ രണ്ടുപേരും ഇവിടെ വെയ്റ്റ് ചെയ്യൂ" എന്നു പറഞ്ഞ് റോയി പോയി. ഞാനും അമ്മിണിടീച്ചറും സംസാരിച്ചുകൊണ്ട് അവിടെ നിന്നു. റോയി തിരിച്ചുവന്നപ്പോഴേക്കും തൃശ്ശൂർക്ക് ഒരു ഫാസ്റ്റ് വന്നു. റോയി എന്നോട്, "ഐസക്കേട്ടാ കേറിക്കോ, പൈസ ഞാൻ കൊടുത്തോളാം" എന്നു പറഞ്ഞു. "തീർച്ചയായും കൊടുക്കണം" എന്ന് ഞാനും പറഞ്ഞു.

തൃശ്ശൂർ കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽ നിന്നും അവർ ഓട്ടോയിലാണ് വീട്ടിലേക്ക് പോകുന്നത്. ഞാനും അവരോടൊപ്പം കയറി, പ്രൈവറ്റ്സ്റ്റാൻഡിൽ ഇറങ്ങി. അവിടെനിന്ന് എന്റെ വീട്ടിലേക്കുള്ള ബസ്സിൽ കയറി, ഞാൻ ആറ് മണിയായപ്പോൾ എന്റെ വീട്ടിലെത്തി. എന്റെ ക്ലാസ്സ് ഞാൻ തുടങ്ങുകയും ചെയ്തു.

നാളുകൾക്കുശേഷം ഞാൻ റോയിയെ കണ്ടപ്പോൾ, ഇക്കാര്യമെല്ലാം പറഞ്ഞു. അപ്പോൾ റോയി പറഞ്ഞു: "ഐസക്കേട്ടന് എന്നോട് ചോദിക്കാമായിരുന്നില്ലേ. എന്റെ കൈയിൽ പൈസയുണ്ടായിരുന്നു. വാസ്തവത്തിൽ ഞങ്ങൾ എറണാംകുളത്തുനിന്ന് തൃശ്ശൂർക്ക് നേരിട്ടുള്ള ഫാസ്റ്റിൽ പോകാനാണ് നിന്നിരുന്നത്. ചാലക്കുടിക്കുള്ള ഫാസ്റ്റിൽ ആള് കുറവായതുകൊണ്ടാണ് അന്ന് അതിൽ കയറിയത്." ഇത് കേട്ടപ്പോൾ, "എനിക്ക് വേണ്ടിയാണ് ദൈവം അങ്ങനെ പ്രവർത്തിച്ചത്" എന്ന് ഞാൻ പറഞ്ഞു.

ഇങ്ങനെഎത്രയോ അത്ഭുതകരമായിട്ടുള്ള കാര്യങ്ങളാണ് ദൈവം ചെയ്തിട്ടുള്ളത്. **സുവിശേഷപ്രവർത്തനങ്ങളിൽ ഇന്നുള്ള സൗകര്യങ്ങളൊന്നും മുമ്പ് ഉണ്ടായിരുന്നില്ല. ഇന്ന് സുവിശേഷകന്മാർ അനുഭവിക്കുന്ന ഒരു നന്മയും പഴയ കാലങ്ങളിൽ ദൈവമക്കൾ അനുഭവിച്ചിട്ടില്ല. എന്നാൽ പഴയ കാലങ്ങളിലെ ദൈവമക്കൾ അനുഭവിച്ച നന്മകൾ ഇന്നുള്ളവർക്കുണ്ടോ എന്നറിഞ്ഞും കൂടാ.**

ഇതുപോലെ പറയാൻ എന്റെ ജീവിതത്തിൽ ഒട്ടേറെ അനുഭവങ്ങളുണ്ട്. വിശ്വാസത്താൽ മാത്രം ചെയ്ത കാര്യങ്ങൾ! ഇത് എന്തിനാണ് ഇവിടെ പങ്ക് വച്ചത് എന്നു കൂടി പറയാം. വിശ്വാസത്തിന്റെ വേല ദൈവം നിവർത്തിച്ചുകൊള്ളും. മനുഷ്യരുടെ മുഖത്തേക്ക് നോക്കേണ്ട കാര്യമില്ല. *എന്റെ ദൈവം മതിയായവൻ...* എന്ന് ഞാൻ എന്റെ സ്വന്തം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പാടിയതാണ്. കരുതുന്ന ദൈവമാണ് നമുക്കുള്ളത്. **(തുടരും)**

# യോനാ

## (പുസ്തകപഠനം)

3

### -എംവിഎസ്-

**യോനയോട് മൂന്ന് ചോദ്യങ്ങൾ**

**ചോദ്യം മൂന്ന് : "യോനേ, നീ എന്ത് ആഗ്രഹിക്കുന്നു?"**

ഈ ചോദ്യവും പ്രസക്തമാണ്. ഓരോരോ സമയത്ത് നമ്മുടെ ആഗ്രഹങ്ങൾ വ്യത്യസ്തമായിരിക്കുമല്ലോ. ചില സമയത്ത് നമ്മുടെ ആഗ്രഹങ്ങൾ ആത്മികതലത്തിലുള്ളതായിരിക്കാം; എന്നാൽ മറ്റു ചില സമയങ്ങളിൽ ഭൗതികതലത്തിലുള്ള ആഗ്രഹങ്ങളായിരിക്കും; ചിലപ്പോൾ തനി ജഡത്തിന്റെ ചിന്തകളും ആഗ്രഹങ്ങളുമായിരിക്കും.

യോനയോടു ഈ ചോദ്യം നമുക്കു ചോദിക്കാം: "യോനേ, നീ എന്തു ആഗ്രഹിക്കുന്നു?" അഥവാ, എന്താണ് ഇപ്പോൾ നിന്റെ ആഗ്രഹം? യോനയുടെ പുസ്തകത്തിലെ നാലു അദ്ധ്യായങ്ങളിൽനിന്നു നാലു വ്യത്യസ്തമായ മറുപടിയാണ് നമുക്കു കാണാൻ കഴിയുന്നത്. ഒന്നാം അദ്ധ്യായത്തിൽ, യഹോവയുടെ സന്നിധിയിൽനിന്ന് ഓടിപ്പോകുവാൻ ആഗ്രഹിക്കുന്ന യോനയെ നാം കാണുന്നു (യോനാ 1:3); രണ്ടാം അദ്ധ്യായത്തിലാകട്ടെ, സ്ത്രോത്രനാദത്തോടെ യഹോവയ്ക്ക് യാഗം കഴിക്കാൻ ആഗ്രഹിക്കുന്ന യോനയെ കാണുന്നു (2:9).

മൂന്നാമത്തെ അദ്ധ്യായത്തിലേക്കു വരുമ്പോൾ, തന്റെ പ്രസംഗം കേട്ട് ആരും നന്നാവരുതെന്നു ആഗ്രഹിക്കുന്ന യോനയെ കണ്ടു നാം അമ്പരപ്പോടെ നിൽക്കേണ്ടി വരുന്നു! (നിനെവെയിലുള്ളവർ മാനസാന്തരപ്പെട്ടത് യോനായ്ക്ക് ഇഷ്ടപ്പെട്ടില്ലെന്നു 4:1 ൽ നിന്നു വ്യക്തമാണല്ലോ. അപ്പോൾ മൂന്നാം അദ്ധ്യായത്തിലെ യോനയുടെ പ്രസംഗം, ആരും മാനസാന്തരപ്പെടരുതെന്ന ആഗ്രഹത്തോടുകൂടെയായിരുന്നുവല്ലോ). ഇനി, നാലാം അദ്ധ്യായത്തിലോ, മരിക്കുവാൻ ആഗ്രഹിക്കുന്ന യോനയെയാണ് നാം കാണുന്നത് (4:3).

മേൽപ്പറഞ്ഞ നാലു ആഗ്രഹങ്ങളിൽ ഒന്നു മാത്രമാണ് ദൈവഹിത പ്രകാരമുള്ളത്. യഹോവയ്ക്ക് യാഗം കഴിക്കാൻ ആഗ്രഹിച്ചതാണത്. ബാക്കിയുള്ള മൂന്നും പിശാചിനെ തൃപ്തിപ്പെടുത്തുന്ന ആഗ്രഹങ്ങളായിരുന്നു. ദൈവസന്നിധിയിൽനിന്ന് ഓടിപ്പോകുവാൻ ഒരു ഭക്തൻ ആഗ്രഹി

ഹിക്കുമോ? ആരും മാനസാന്തപ്പെടരുതെന്നു പ്രാർത്ഥിച്ചു ആരെങ്കിലും സുവിശേഷപ്രസംഗം നടത്തുമോ? ദൈവത്തിനു വേണ്ടി ജീവിക്കേണ്ടവൻ മരിക്കാൻ ആഗ്രഹിക്കുകയോ! പക്ഷേ ഈ വക മോശമായ ആഗ്രഹങ്ങ ളൊക്കെ യോനയ്ക്ക് ഉണ്ടായി.

ആഗ്രഹങ്ങൾക്ക് നമ്മുടെ ജീവിതത്തിൽ നിർണ്ണായകമായ സ്ഥാനമുണ്ട്. ദൈവഹിതപ്രകാരമുള്ള ആഗ്രഹങ്ങൾ ഒരുവനെ ഉയർത്തും. എന്നാൽ ലോകപ്രകാരമുള്ള ആഗ്രഹങ്ങൾ നമ്മെ കീഴ്മേൽ മറിക്കുകയാണ് ചെയ്യുക. ആഗ്രഹം ഒരിക്കലും മോഹം ആയി മാറരുത്. തെറ്റായ ആഗ്രഹങ്ങളെ നമു ക്ക് മോഹം എന്നു വിളിക്കാമല്ലോ. മോഹം നമ്മെ ആദ്യം പാപത്തിലേക്കും പിന്നെ മരണത്തിലേക്കും നയിക്കും (യാക്കോബ് 1:14,15). ജഡമോഹത്തെ ക്കുറിച്ചും കൺമോഹത്തെക്കുറിച്ചുമെല്ലാം ബൈബിൾ മുന്നറിയിപ്പ് തരുന്നുണ്ടല്ലോ ( 1 യോഹന്നാൻ 2:15-17).

ദൈവേഷ്ടം ചെയ്യാനുള്ള ആഗ്രഹമാണ് നമുക്ക് എപ്പോഴും ഉണ്ടാ കേണ്ടത്. പ്രവാചകനായ യോന മരിക്കുവാൻ വരെ ആഗ്രഹിച്ചുപോയി! ജീവിതത്തിൽ പലപ്പോഴും പല ദൈവമക്കളുടെ വായിൽനിന്നും വരുന്ന പദങ്ങളാണ് ''എങ്ങനെയെങ്കിലുമൊന്ന് ചത്താൽ മതിയായിരുന്നു'' എന്നത്. നീറുന്ന പ്രശ്നങ്ങൾ വരിവരിയായി വരുമ്പോൾ, അപമാനം ഏൽക്കുമ്പോൾ, തുടരെത്തുടരെ പരാജയപ്പെടുമ്പോൾ, അനാവശ്യമായി തെറ്റിദ്ധരിക്ക പ്പെടുമ്പോൾ... ഈ വക മാനസിക സംഘർഷങ്ങളുടെ വേലിയേറ്റം നിമിത്തം വലഞ്ഞു പോകുമ്പോൾ, ചില നിമിഷങ്ങളിലേക്ക് ഒരു വിശ്വാസി ദുർ ബലനായിത്തീർന്ന്, ''മരിച്ചാൽ മതിയായിരുന്നു'' എന്നു ചിന്തിച്ചുപോകുന്നു.

ദൈവമക്കളേ, അങ്ങനെ ആഗ്രഹിക്കരുതേ. എപ്പോഴെങ്കിലും അങ്ങനെ ആഗ്രഹിച്ചുപോയിട്ടുണ്ടെങ്കിൽ, ഇന്നു തന്നേ, അല്ല, ഇപ്പോൾ തന്നേ ദൈവമുമ്പാകെ അത് ഏറ്റു പറഞ്ഞ് ക്ഷമ യാചിക്കണേ. മരിക്കുവാനല്ല, ദൈവത്തിനുവേണ്ടി ജീവിക്കുവാനാണ് നാം ആഗ്രഹിക്കേണ്ടത്. നല്ല നല്ല ആഗ്രഹങ്ങൾ മനസ്സിൽ സൂക്ഷിക്കുക. സമൂഹത്തിലോ സഭയിലോ മറ്റെവിടെങ്കിലുമോ ഉള്ള അധികാരക്കസേരകളിൽ അള്ളിപ്പിടിച്ചിരിക്കാനുള്ള ആഗ്രഹം അവിശുദ്ധ കൂട്ടുകെട്ടുകളിലേക്കും വിട്ടുവീഴ്ചകളിലേക്കും ഒരു വനെ നയിക്കുകയേയുള്ളൂ. ദൈവം തന്ന അധികാരം മതി എന്നു നാം തീരുമാനിക്കുക. പണം നേടാനുള്ള ആഗ്രഹം (ദ്രവ്യാഗ്രഹം) സകലവിധ ദോഷത്തിലേക്കും നയിക്കുകയേയുള്ളൂ. (1 തിമൊ. 6:10) അതുകൊണ്ട്, ദൈവം തരുന്ന പണം മതി എന്നു നാം തീരുമാനിക്കണം.

ഇങ്ങനെ നല്ല നല്ല ആഗ്രഹങ്ങളുമായി നമുക്കു മുന്നേറാം. ആഗ്രഹങ്ങൾ മോഹങ്ങളായി മാറാതിരിക്കാൻ നമുക്കു ശ്രമിക്കാം. നല്ല ആഗ്രഹങ്ങളാണെ

ങ്കിൽ അത് ദൈവം നടത്തിത്തരും. എപ്പോൾ? ദൈവികമായ കാര്യങ്ങൾക്ക് നാം മുൻതൂക്കം കൊടുക്കുമ്പോൾ (മത്തായി 6:33); കർത്താവിനോട് ചോദിക്കുമ്പോൾ (മത്തായി 7:8). കർത്താവ് ഇപ്രകാരം പറഞ്ഞുവല്ലോ: "നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നത് എന്തെങ്കിലും അപേക്ഷിപ്പിൻ; അത് നിങ്ങൾക്ക് കിട്ടും" (യോഹന്നാൻ 15:7).

കൊടുക്കുവാൻ മനസ്സുള്ള ദൈവം, കൊടുക്കുവാൻ പ്രാപ്തിയുള്ള ദൈവം... ഈ ദൈവത്തിന് അസാദ്ധ്യമായത് ഒന്നുമില്ല. നമുക്ക് നല്ല നല്ല ആഗ്രഹങ്ങളില്ലാത്തതോ, ഉള്ള ആഗ്രഹങ്ങളെ ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കാത്തതോ ഒക്കെ ആണ് പ്രശ്നം. ചിലപ്പോൾ ദൈവം ആ ആഗ്രഹം സാധിച്ചുതരുന്നത് വൈകിച്ചു എന്നു വരാവുന്നതാണ്. നമുക്ക്, നാം ചോദിച്ച സമയത്ത് തന്നിട്ട് ഉപകാരപ്പെടില്ല എന്നറിയാവുന്നതുകൊണ്ടാണ് ദൈവം നമ്മുടെ ചില ആഗ്രഹങ്ങൾ സാധിച്ചുതരാൻ വൈകുന്നത്.

ചിലപ്പോൾ തന്നില്ലെന്നും വരാം. നാം ആഗ്രഹിച്ച കാര്യം നല്ലതായിരിക്കാം. ദൈവവചനപ്രകാരമുള്ളതായിരിക്കാം. പക്ഷേ അത് സാധിച്ചുതരുന്നതുകൊണ്ട് നമുക്ക് ഗുണമല്ല, ദോഷമാണ് ഉണ്ടാവുക എന്ന് ദൈവത്തിന് മുന്നമെ അറിയാവുന്നതുകൊണ്ട് നമ്മുടെ ആ ആഗ്രഹം സാധിച്ചുതന്നില്ലെന്നു വരും. അപ്പോഴേക്കും നാം പിണങ്ങേണ്ടതില്ല. നാം ആഗ്രഹിച്ച കാര്യം സാധിപ്പിച്ചു തരാതിരിക്കുന്നതിലൂടെ നമ്മോടുള്ള സ്നേഹമാണ് ദൈവം കാണിച്ചുതരുന്നത്.

നല്ല ആഗ്രഹങ്ങളുമായി നമുക്ക് ജീവിക്കാം. ആ ആഗ്രഹങ്ങൾ ദൈവത്തിന് സമർപ്പിക്കാം. ദൈവം നമുക്ക് ഗുണകരമായത്, ദൈവനാമത്തിന്റെ മഹത്വത്തിനായി, തക്ക സമയത്ത് സാധിപ്പിച്ചുതരും. **(തുടരും)**

## റിയൽ ലൈഫ് വോയ്സ്: ലക്ഷ്യവും നയവും

**ലക്ഷ്യം** : സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനവും വചനപഠനവും.

**നയം** : ഞങ്ങൾക്ക് ശരിയെന്നു തോന്നുന്നത് ഞങ്ങൾ എഴുതുന്നു. വായനക്കാർക്ക് അവ പരിശോധിച്ച്, യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. ഞങ്ങൾക്ക് വായനക്കാരുമായുള്ള സ്നേഹബന്ധവും അടുപ്പവും മാസികയിലെ ലേഖനങ്ങളിലെ ആശയങ്ങളുമായി കൂട്ടിക്കുഴയ്ക്കരുത്. സ്നേഹബന്ധം വേറെ; ലേഖനങ്ങളിലെ ആശയങ്ങൾ വേറെ! ലേഖനങ്ങളിലെ ആശയങ്ങളോട് നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ പോലും, സ്നേഹബന്ധം നിലനിൽക്കണം. അതാണ് ഞങ്ങളുടെ ആഗ്രഹം. **(എഡിറ്റർ)**

## കൊച്ചുണ്ണിയുടെ ബൈബിൾവായന

**എംവിഎസ്**

26

# ശവത്തിനോട് എന്തിന് മര്യാദ?

*എഗെയ്ൻ ശങ്കരൻ ഓൺ കോക്കനട്ട് ട്രീ* എന്നു പറയുന്നതുപോലെയാണ് നമ്മുടെ കൊച്ചുണ്ണിബ്രദറിന്റെ കാര്യം.

'പുള്ളി' എന്നും ബൈബിൾ വായിക്കും. പക്ഷേ വായനയ്ക്കുശേഷം അതിനെക്കുറിച്ച് ചിന്തിച്ച് ചിന്തിച്ച് ഓരോരോ നിഗമനങ്ങളിലെത്തും. എന്നിട്ട് അവ മൂപ്പനുമായും ഇട്ടിയപ്പച്ചനുമായും പങ്കുവയ്ക്കും.

"മൂപ്പാ, ദേ കൊച്ചുണ്ണി വരുന്നുണ്ട്. മുഖം ഇന്നും അത്ര പന്തിയല്ല" ഇട്ടിയപ്പച്ചൻ പറഞ്ഞു.

അല്പം സ്പീഡിൽ നടന്നുവന്ന കൊച്ചുണ്ണിബ്രദർ പെട്ടെന്ന് ബ്രേക്കിട്ട് അവിടെ ഇരുന്നു. ചെറുതായി കിതക്കുന്നുണ്ടായിരുന്നു.

ഇട്ടിയപ്പച്ചൻ എന്തെങ്കിലും ചോദിക്കുന്നതിനുമുമ്പ് കൊച്ചുണ്ണിബ്രദർ പറഞ്ഞുതുടങ്ങി:

"യേശുവിന്റെ കല്ലറയ്ക്കൽ സുഗന്ധവർഗ്ഗവുമായി ചില സ്ത്രീകൾ വന്നു. എന്തിന്? കല്ലറയിൽ വച്ച ശവത്തിനെ എന്തിന് ഇങ്ങനെ പെർഫ്യൂം പൂശണം?"

"അത്..." ഇട്ടിയപ്പച്ചൻ ആവേശത്തോടെ മറുപടി പറയാൻ തുടങ്ങിയെങ്കിലും, എന്തു പറയണമെന്നറിയാതെ നിന്നു പരുങ്ങി. മൂപ്പനെ ദയനീയമായി നോക്കുകയും ചെയ്തു.

അവസരത്തിനൊത്ത് ഉയർന്നുകൊണ്ട് മൂപ്പൻ പറഞ്ഞു. "യെഹൂദ്യരുടെ മര്യാദപ്രകാരമുള്ള കാര്യങ്ങൾ ചെയ്യാനാണ് സുഗന്ധവർഗ്ഗവുമായി സ്ത്രീകൾ കർത്താവിന്റെ കല്ലറയ്ക്കൽ വന്നത്."

"ഇന്ന് നമ്മള് അങ്ങനെ ചെയ്യേണ്ടതുണ്ടോ?" ഇട്ടിയപ്പച്ചനാണ് ആ സംശയം ചോദിച്ചത്.

"ഇന്ന് നാം അങ്ങനെ ചെയ്യേണ്ടതില്ല. കാരണം ക്രിസ്ത്യാനികളായ നാം യെഹൂദ്യരുടെ രീതികൾ പിൻപറ്റേണ്ട കാര്യമില്ല. മാത്രമല്ല സ്തെഫാനോസ് കൊല്ലപ്പെട്ടപ്പോഴോ മറ്റാരെങ്കിലും മരിച്ചപ്പോഴോ അങ്ങനെ ചെയ്തതായി നാം വചനത്തിൽ കാണുന്നുമില്ല."

എല്ലാവരും ശ്രദ്ധിച്ചുകൊണ്ടിരുന്നു. മൂപ്പൻ തുടർന്നു:

"ഒരു മൃതദേഹം മാന്യമായി അടക്കം ചെയ്യണം. ദുർഗന്ധമകറ്റാൻ പെർഫ്യൂം ആവശ്യമെങ്കിൽ ഉപയോഗിക്കാം. കല്ലറയിൽ മൃതശരീരം വച്ചു കഴിഞ്ഞാൽ പിന്നീട് കല്ലറ തുറന്ന് സുഗന്ധവർഗ്ഗം പൂശേണ്ടതില്ല."

ഇത് കേട്ട് ഇട്ടിയപ്പച്ചൻ കുലുങ്ങി ച്ചിരിച്ചു. ഇതിൽ ഇത്ര ചിരിക്കാൻ മാത്രം എന്താ ഉള്ളത് എന്നറിയാതെ കൊച്ചുണ്ണിബ്രദർ ഇട്ടിയപ്പച്ചനെ തുറി ച്ചുനോക്കി. ഇട്ടിയപ്പച്ചൻ പെട്ടെന്ന് ചിരി നിർത്തി പറഞ്ഞു:

''ആ സ്ത്രീകൾ യേശുവിന്റെ കല്ലറ തുറന്ന് യേശുവിന്റെ ശരീര ത്തിന്മേൽ സുഗന്ധവർഗ്ഗം പൂശിയിരു ന്നുവെങ്കിൽ, ഇന്ന് അതൊരു ഉപദേ ശമായി മാറിയേനേ. കല്ലറയിൽ ശവം വച്ചുകഴിഞ്ഞാൽ, രണ്ട്മൂന്ന് ദിവസം കഴിഞ്ഞ് കല്ലറ തുറന്ന് ശവത്തെ സുഗന്ധവർഗ്ഗം പൂശണം എന്നൊരു ഉപദേശം... അതാ ഞാൻ ഉദ്ദേശിച്ച ത്."

ഇതും പറഞ്ഞ് ഇട്ടിയപ്പച്ചൻ പിന്നെയും കുലുങ്ങിച്ചിരിച്ചു. പക്ഷേ കൊച്ചുണ്ണിയും മൂപ്പനും ചിരിച്ചില്ല.

കൊച്ചുണ്ണിബ്രദർ വീണ്ടും പഴയ വിഷയത്തിലേക്കു തന്നെ വന്നു: "ശവം വെറുതെയങ്ങ് അടക്കിയാൽ പോരേ. പാട്ടും പ്രാർത്ഥനയും എല്ലാം എന്തിനാണ്?"

"എല്ലാം ചന്തമായും ഉചിതമായും ചെയ്യുന്നത് നല്ലതാണ്. അല്ലേ മൂപ്പാ?" ഇട്ടിയപ്പച്ചന്റെ ഈ മറുപടിയിൽ കൊച്ചുണ്ണിബ്രദർ തൃപ്തനായില്ല.

"ശവം എന്നു പറഞ്ഞാൽ അവി ടെ ആ വ്യക്തി ഇല്ലല്ലോ. പിന്നെ എന്തിന് ശവത്തിനെ ബഹുമാനി ക്കണം? ശവത്തെ ചുംബിക്കുന്നു, ശവത്തെ ആദരിക്കുന്നു, പൂക്കൾ ഇടുന്നു...വെള്ളത്തുണികൊണ്ട് മൂടു ന്നു. എന്താ കള്ളിമുണ്ട്കൊണ്ട് മൂടി യാൽ കുഴപ്പം?"

ഇത് കേട്ടപ്പോൾ ഇട്ടിയപ്പച്ചൻ അത്ഭുതത്തോടെ മൂപ്പനോട് ചോദി ച്ചു: "ഈ കൊച്ചുണ്ണി എന്തു വർത്ത മാനമാ മൂപ്പാ പറയണത്?"

മൂപ്പൻ പ്രതികരിച്ചില്ല. മൂപ്പന്റെ മൗനം കൊച്ചുണ്ണിയെ ആവേശം കൊള്ളിച്ചു.

"ഞാൻ പറഞ്ഞതിൽ എന്താണ് തെറ്റ്?'' എന്നു ചോദിച്ചുകൊണ്ട് കൊച്ചുണ്ണിബ്രദർ അവരെ രണ്ടുപേ രെയും മാറിമാറി നോക്കി.

''ഒരു വിശ്വാസി മരിച്ചാൽ അദ്ദേഹം പിന്നെ ഇവിടെ ഇല്ലല്ലോ. അതുകൊണ്ട്, മണ്ണായിത്തീരേണ്ട ആ ശവശരീരത്തെ നാം എന്തിന് ആദരിക്കണം? ചീഞ്ഞളിഞ്ഞ് പോ കുന്ന ശവശരീരത്തോട് വിശ്വാസി കൾ കാണിക്കുന്ന ബഹുമാനം കാ ണുമ്പോൾ എനിക്ക് ദേഷ്യമാണ് തോന്നുന്നത്."

ഇത്രയും കേട്ടപ്പോഴേക്കും ഇട്ടി യപ്പച്ചന് പ്രഷറിന്റെ കുരു പൊട്ടി. ഇരിക്കുന്നിടത്തുനിന്ന് എഴുന്നേറ്റ് നിന്ന്, കണ്ണ് തുറിപ്പിച്ച്, കവിൾ വിറ പ്പിച്ച് ഇട്ടിയപ്പച്ചൻ അലറി:

"നീ ചാകുമ്പോൾ നെന്റെ ശവം ഞങ്ങള് വല്ല പട്ടിക്ക് തിന്നാൻ കൊ ടുത്തോളാം. പട്ടി തിന്നതിന്റെ ബാ ക്കിയുണ്ടെങ്കിൽ അതെല്ലം കോരി യെടുത്ത് ഒരു കുഴി കുത്തി അതി ലേക്ക് ആഞ്ഞ് വലിച്ചെറിഞ്ഞോളാം, പോരേ?"

കൊച്ചുണ്ണി ഒന്നും പറഞ്ഞില്ല. മൂപ്പൻ ഇട്ടിയപ്പച്ചനെ ശാന്തനാക്കാൻ നോക്കിയെങ്കിലും നടന്നില്ല.

എംവിഎസ്

# ബൈനോക്കുലർ

26

## ക്ലിഫ് ഹൗസ് നവീകരണം!

മുഖ്യമന്ത്രിയുടെ ഔദ്യോഗികവസതിയായ ക്ലിഫ്ഹൗസിലെ നിർമ്മാണങ്ങൾക്കായി മരാമത്ത് വകുപ്പ് മൂന്ന് വർഷത്തിനിടെ ചെലവാക്കിയത് 1.80 കോടി രൂപ! നിയമസഭയിൽ വെളിപ്പെടുത്തിയതാണിത്. 2024 ജൂലൈ 27 ലെ പത്രങ്ങൾ ഇക്കാര്യം പ്രസിദ്ധീകരിച്ചിരുന്നു. ഏതൊക്കെ കാര്യത്തിന് വേണ്ടിയാണ് ചെലവഴിച്ചത് എന്നതിന്റെ കണക്കുകൾ താഴെ കൊടുക്കുന്നു. ശ്രദ്ധിച്ച് വായിച്ച് പുളകിതാരാവുക.

| | |
|---|---|
| **കാലിത്തൊഴുത്ത്** | **23 ലക്ഷം** |
| **ചാണകക്കുഴി** | **4.40 ലക്ഷം** |
| **സെക്യൂരിറ്റി ഗാർഡ് റൂം** | **98 ലക്ഷം** |
| **ലിഫ്റ്റ് വയ്ക്കാൻ** | **17 ലക്ഷം** |
| **പൈപ്പ് ലൈൻ മാറ്റാൻ** | **5.65 ലക്ഷം** |
| **പെയ്ന്റിങ്** | **12 ലക്ഷം** |
| **ശുചിമുറി നന്നാക്കാൻ** | **2.95 ലക്ഷം** |

ഈ കണക്ക് വായിച്ചിട്ട്, വിവരം തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരാൾ ചോദിച്ചത് കേൾക്കണോ? "ഇവിടെ പെൻഷൻ കൊടുക്കാൻ കാശില്ല, നവകേരള സദസ്സിനുവേണ്ടി പൊളിച്ച സ്കൂൾമതിലുകൾ കെട്ടിക്കൊടുക്കാൻ കാശില്ല... പക്ഷേ ഈ കാലിത്തൊഴുത്തും ചാണാക്കുണ്ടുമൊക്കെ പണിയാൻ കാശുണ്ടല്ലോ"

വിവരമില്ലാത്തവൻ... വിഡ്ഢിക്കൂശ്മാണ്ഡം... അഖിലലോകമന്ദ.. ഈ കമന്റ് പറഞ്ഞയാളെ ഇതല്ലാതെ എന്താ വിളിക്കുക? സ്കൂൾ പോലെയാണോ തൊഴുത്ത്? സ്കൂൾമതിൽ പോലെയാണോ ചാണകക്കുഴി? മനുഷ്യനെപ്പോലെയാണോ പശു? ഓരോന്നിന്റെയും പ്രാധാന്യം നാം തിരിച്ചറിയണം.

ഇനി വേറൊരുത്തൻ... ഭ്രാന്തനാണെന്നു തോന്നുന്നു... അവൻ പറയുന്നത് കേട്ടോ? “എനിക്ക് വീട് പണിയാൻ 4 ലക്ഷം മാത്രമേ സർക്കാർ തന്നുള്ളൂ. അതേ സർക്കാർ തൊഴുത്ത് പണിയാൻ 23 ലക്ഷം ചെലവാക്കിയിരിക്കുന്നു. ചാണാക്കുഴിക്ക് പോലും നാല് ലക്ഷത്തിന്റെ മേൽ ചെലവാക്കി. അപ്പോൾ ക്ലിഫ് ഹൗസിലെ ചാണാക്കുഴിക്കുള്ളതിനേക്കാൾ മൂല്യം കുറവാണ് എന്റെ വീടിന്...”

സമയത്ത് മരുന്ന് കഴിക്കാത്ത ഇവനെപ്പോലെയുള്ളവർ ഇതല്ല ഇതിലും അപ്പുറം പറയും. ആരും അത് കാര്യമായി എടുക്കേണ്ടതില്ല.

കേശവേട്ടന്റെ ചായക്കടയിൽ പുലർച്ച തന്നെ ചായ കുടിക്കാൻ വരുന്നവരുണ്ട്. ആ ചായ വയറ്റിൽ ചെന്നാലേ ശോധന ശരിയാവുകയുള്ളൂത്രേ! അതുകൊണ്ട് ചായ കുടിച്ചാലുടനെ ആളുകൾ വീട്ടിലേക്ക് പോകും. വൈകിയാൽ വഴി വൃത്തികേടാകും. പക്ഷേ അന്ന് ‘ശോധനക്കാർ’ പോകാതെ അവിടെയിരുന്ന് ചർച്ചയായിരുന്നു...

സുലൈമാനിക്കയാണ് ചർച്ച ലീഡ് ചെയ്യുന്നത്. “ഈ ഭരണപക്ഷം ഇത്രേം ധൂർത്ത് കാണിച്ചിട്ട് ഇവിടത്തെ പ്രതിപക്ഷം എന്തു ചെയ്യുവാ? പട്ടീടെപ്പോലെ ഒരു നാല് കൊരയെങ്കിലും കൊരച്ചൂടെ അവറ്റകൾക്ക്? ഇബലീസ്കള്...”

മത്തായേട്ടനാണ് അതിന് മറുപടി പറഞ്ഞത്: “ന്റെ ഇക്കാ, ഇങ്ങള് ഇത്രേം വെവരമില്ലാണ്ടായല്ലാ... പ്രതിപക്ഷം അധികാരത്തിലേറിയാലും ഇതു തന്നെയാണ് സ്ഥിതി... അതുകൊണ്ട് അവരാരും ഇതിനെ എതിർക്കയില്ല... എതിർത്താൽ മുമ്പ് അവർ ഭരിക്കുമ്പോൾ ചെയ്തിട്ടുള്ള ധൂർത്തുകൾ എണ്ണിപ്പറഞ്ഞ് ഇപ്പോഴത്തെ ഭരണപക്ഷം പൊങ്കാലയിടും.”

“അത് കറക്റ്റ്...” എല്ലാവരും ശബ്ദം കേട്ട ഭാഗത്തേക്ക് നോക്കി. ബിജെപിയുടെ വാർഡ്പ്രസിഡണ്ട് സദാശിവനാണ്. ഒരു താത്വികനെപ്പോലെ സദാശിവൻ പറഞ്ഞു: “രണ്ടു മുന്നണികളും ഇവിടെ മാറിമാറി ഭരിച്ചിട്ട് കേരളം കുട്ടിച്ചോറാക്കിയില്ലേ? ഇനി ഞങ്ങൾക്ക് അവസരം തരൂ... ഞങ്ങളിവിടെ പൊന്ന് വിളയിക്കും.”

ഇത് കേട്ടതോടെ സുലൈമാനിക്ക എഴുന്നേറ്റ് നിന്ന് സദാശിവനെ കൈകൂപ്പി തൊഴുതുകൊണ്ട് പറഞ്ഞു: “ന്റെ പൊന്നുംകട്ടേ, സദാശിവാ, കേന്ദ്രത്തിൽ ആ ‘ഫോട്ടോഷൂട്ട് നടൻ’ കാണിച്ചുകൂട്ടുന്നത് ഇതിലും കഷ്ടമാണ്. ഞങ്ങളിവടത്തെ ‘രക്ഷാപ്രവർത്തന’വിദഗ്ദൻ കാരണഭൂതത്തെ സഹിച്ചോളാമേ...

കോവർകഴുതകൾ... ഇവരെയൊക്കെ വേറെ എന്താ വിളിക്കുക?

## സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 69

-എംവിഎസ്-

# നിർമ്മലകോളേജും ഭക്തരായ കുട്ടികളും!

മുസ്ലീംമാനേജ്മെന്റിന്റെ കീഴിൽ ഇഷ്ടംപോലെ കോളേജുകൾ ഉണ്ടെങ്കിലും, ഞമ്മന്റെ കുട്ടികൾക്ക് ക്രൈസ്തവമാനേജ്മെന്റുകൾ നടത്തുന്ന കോളേജുകളിൽ അഡ്മിഷൻ നേടാനാണ് താത്പര്യം. അഡ്മിഷൻ കിട്ടിയാലോ, പിന്നെ ക്രൈസ്തവർ നടത്തുന്ന സ്ഥാപനത്തിൽ ഞമ്മന്റെ മതം കുത്തിക്കയറ്റാനുള്ള ശ്രമമാണ്. യൂണിഫോമിന് ഹാഫ് കൈ ആണെങ്കിൽ അത് ഫുൾ കൈ ആക്കണം, ലോഗോ മാറ്റണം, ടൈംടേബിൾ നിസ്കാരസമയത്തിനനുസരിച്ച് തയ്യാറാക്കണം, നിസ്കരിക്കാൻ സൗകര്യം വേണം....

ഇതൊക്കെ കേൾക്കുമ്പോൾ നാം വിചാരിക്കും, ഇവരൊക്കെ വല്യ ഭക്തരാണെന്ന്! ഇവരിൽ പലരും മതവും ഭക്തിയും തമ്മിൽ ബന്ധം കാണുന്നവരല്ല. മതത്തെ പൊക്കിപ്പിടിച്ച്, അതിന്റെ മറവിൽ തങ്ങളുടെ മതത്തിന്റെ ശക്തി തെളിയിക്കുക, അതിന്റെ പേരിൽ വിലപേശുക.. ഇത് മാത്രമാണ് ഇക്കൂട്ടരുടെ ലക്ഷ്യം. മുസ്ലീംവിഭാഗത്തിൽ മിതവാദികളായും മാന്യരായും ജീവിക്കുന്ന ധാരാളം പേരുണ്ട്. എന്നാൽ കുറച്ചുപേർ തീവ്രചിന്താഗതികളുടെ ആശാന്മാരാണ്. ഇവർ എവിടെ ചെന്നാലും അവിടെ കുത്തിത്തിരിപ്പ് ഉണ്ടാക്കും. എല്ലാവരുടെയും മനസ്സമാധാനം കളയുകയും ചെയ്യും.

മൂവാറ്റുപുഴ നിർമ്മല കോളേജിൽ, 'ഭക്തരായ' കുറെ മുസ്ലീംകുട്ടികൾ മുദ്രാവാക്യം വിളിച്ചും ബഹളം ഉണ്ടാക്കിയും പ്രിൻസിപ്പലിനെ തടഞ്ഞുവച്ചും അവിടെയുള്ള സമാധാനത്തിന്റെ അന്തരീക്ഷം നഷ്ടപ്പെടുത്തി. നിസ്കരിക്കാൻ പ്രത്യേകം സ്ഥലം അനുവദിക്കണമത്രേ! പെൺകുട്ടികൾക്ക് നിസ്കരിക്കണമത്രേ! പെൺകുട്ടികൾക്ക് നിസ്കരിക്കാൻ മുസ്ലീം പള്ളി വരെ തുറന്നുകൊടുക്കാറില്ല. എങ്കിൽ ആ മുസ്ലീപള്ളികളുടെ മുമ്പിലല്ലേ ഇവർ പോയി ലഹളയുണ്ടാക്കേണ്ടത്?

ഭക്തിയുടെ പേരിൽ നടത്തുന്ന കോലാഹലങ്ങൾ ആര് നടത്തിയാലും അത് തെറ്റ് തന്നെയാണ്. കാരണം ഭക്തിയും കോലാഹലവും ഒരുമിച്ച് പോകുന്ന കാര്യമല്ല. ഭക്തിയും സഹിഷ്ണുതയും, ഭക്തിയും സൗമ്യതയും, ഭക്തിയും എളിമയും... ഇതെല്ലാമാണ് ഒരുമിച്ച് പോകുന്നത്. ഭക്തിയും ഭീകരതയും ഇന്ന് പലയിടത്തും ഒരുമിച്ചാണ് സഞ്ചരിക്കുന്നത്. അതുകൊണ്ട് ലോകസമാധാനം എത്ര കണ്ട് നഷ്ടപ്പെട്ടിരിക്കുന്നു!

ശ്രീ. പി. സി. ജോർജ്ജ് ഇക്കാര്യത്തിൽ പ്രതികരിച്ചത് ശ്രദ്ധേയമാണ്. ഇത് സംബന്ധിച്ച വാർത്ത താഴെ കൊടുക്കുന്നു:

> മൂവാറ്റുപുഴ നിർമ്മലകോളേജിൽ നിസ്കാരസ്ഥലം ആവശ്യപ്പെട്ട് നടന്ന വിദ്യാർത്ഥിപ്രതിഷേധത്തെ കടുത്ത ഭാഷയിൽ വിമർശിച്ച് ബിജെപി നേതാവ് പി.സി.ജോർജ്ജ്. കേരളത്തിലെ കലാലയങ്ങളിലെ മതസൗഹാർദ്ദം തകർക്കാനുള്ള മതതീവ്രവാദികളുടെയും വിഘടനവാദികളുടെയും ഗൂഢശ്രമമാണിതെന്നും പി. സി. ജോർജ്ജ് ആരോപിച്ചു. കോളേജിന് സമീപത്ത് മൂന്ന് മുസ്ലീംപള്ളികൾ ഉള്ളപ്പോൾ കോളേജിനകത്ത് സ്ഥലം ചോദിക്കുന്നത് എന്തിനാണ്? മുസ്ലീംമതസ്ഥർ നടത്തുന്ന സ്ഥാപനങ്ങളിൽ ഹൈന്ദവ, ക്രൈസ്തവ വിശ്വാസികളും ഇതേ നിലപാട് ആവർത്തിച്ചാൽ എന്തു ചെയ്യുമെന്നും പി.സി.ജോർജ്ജ് ചോദിച്ചു.

അഭിനന്ദനങ്ങൾ പി.സി.ജോർജ്ജ്. നമ്മുടെ വിജയൻസാറും സതീശൻസാറും അണ്ണാക്കിൽ പിരിവിട്ടിയതുനിമിത്തം തന്ത്രപരമായ മൗനം പാലിച്ചു നിന്നപ്പോൾ, താങ്കളെങ്കിലും വസ്തുനിഷ്ഠമായി പ്രതികരിച്ചുവല്ലോ. അല്ലെങ്കിലും മറുപുറത്ത് മുസ്ലീങ്ങൾ വരുമ്പോൾ നമ്മുടെ വിജയൻസാറും സതീശൻസാറും ഒന്നായിത്തീരുകയും അവർക്കനുകൂലമായി പ്രസ്താവനയിറക്കുകയും ചെയ്യാറുണ്ട്. ഇത്തവണ പ്രസ്താവനയ്ക്കു പകരം അത് അർത്ഥഗർഭമായ മൗനമായെന്നു മാത്രം.

ഹിന്ദു-ക്രിസ്ത്യൻ സ്ഥാപനങ്ങളിൽ പ്രശ്നങ്ങളുണ്ടാക്കാൻ ശ്രമിച്ചാൽ ബിജെപി സംരക്ഷണം നൽകുമെന്ന് ബിജെപിയുടെ സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ പറഞ്ഞതോടുകൂടി കാര്യങ്ങൾ കൈവിട്ടുപോകുമെന്ന നിലയിലായി. ഏതായാലും, നിർമ്മല കോളേജിൽ നടന്നത് വഴിതെറ്റിയ സംഭവമാണെന്നും കുട്ടികൾക്ക് തെറ്റുപറ്റി എന്നും പറഞ്ഞുകൊണ്ട് മൂവാറ്റുപുഴയിലെ മുസ്ലീംനേതാക്കൾ, അല്പം വൈകിയാണെങ്കിലും രംഗത്ത് വന്നത് രംഗം ഒന്നു ശാന്തമാക്കാൻ സഹായിച്ചിട്ടുണ്ട്.

ഉണർന്നിരിക്കുക. ഛിദ്രശക്തികൾ ഇങ്ങനെ ഇടയ്ക്കിടെ പരീക്ഷണാർത്ഥം തലപൊക്കി നോക്കും. വിജയം കണ്ടാൽ പിന്നെ പറയുകയേ വേണ്ട. ജോസഫ്സാറിന്റെ കൈവെട്ടി വലിച്ചെറിഞ്ഞപ്പോൾ, മുസ്ലീങ്ങളെ പേടിച്ച് ജോസഫ്സാറിനോട് ക്രൂരമായ വിധം ഇടപെട്ട കത്തോലിക്കാമാനേജ്മെന്റ് ഈ വിഷയത്തിൽ ഇത്രത്തോളം ആണത്തം കാണിച്ചതിന് അഭിനന്ദനങ്ങൾ. കേന്ദ്രത്തിൽ ബിജെപി ഭരിക്കുന്നതുകൊണ്ടുണ്ടായ ഗുണമാണിത്.

# www.reallifevoice.in

**എം. വി. സെബാസ്റ്റ്യന്റെ കൃതികൾ**

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻഃ ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism:
    How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25
Licence No. KL/CR/TCR/WPP-01/2023-25
Licensed to Post Without Prepayment.

Published on
17th August 2024

Posted at
Thrissur RMS

**ആനുകാലികം**

## അവിടെയും മതം!

ബാലവിവാഹത്തിന്റെ പേരിൽ വടക്കഞ്ചേരി പോലീസ് കേസെടുക്കുകയുണ്ടായി. പ്രതികൾ പക്ഷേ വാദിച്ചത് അവരുടെ മതത്തിന്റെ നിയമപ്രകാരം അതിൽ തെറ്റില്ലെന്നാണത്രേ! ഇളംപുല്ലുകൾ നോക്കിനടക്കുന്ന കാമാന്ധന്മാർക്ക് മതമാണ് മറ! 18 വയസ്സ് തികഞ്ഞവരോ, 18 വയസ്സ് കഴിഞ്ഞവരോ ഇല്ലാതല്ല; താത്പര്യമില്ല. താത്പര്യം കുഞ്ഞുങ്ങളോടാണ്. ഏതായാലും ഹൈക്കോടതി ഉചിതമായ രീതിയിൽ മറുപടി പറഞ്ഞു. പത്രവാർത്ത ഇതാ:

> ബാലവിഹാഹനിരോധന നിയമം മതവ്യത്യാസമില്ലാതെ എല്ലാ പൗരന്മാർക്കും ബാധകമാണെന്ന് ഹൈക്കോടതി വ്യക്തമാക്കി. രാജ്യത്തിനകത്താണെങ്കിലും പുറത്താണെങ്കിലും ഇന്ത്യൻ പൗരന്മാർക്ക് ഈ നിയമം ബാധകമാണെന്നും കോടതി വ്യക്തമാക്കി.
>
> ഓരോ ഇന്ത്യക്കാരനും ആദ്യം രാജ്യത്തിന്റെ പൗരനാകുകയാണ് ചെയ്യുന്നത്. ശേഷമാണ് മതത്തിൽ അംഗമാകുന്നത്. ബാലവിവാഹനിരോധന നിയമം (2006) ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തിനിയമങ്ങൾക്കും മുകളിലാണെന്നും കോടതി ചൂണ്ടിക്കാട്ടി *(28-07-2024 ലെ പത്രവാർത്ത)*

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V